"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ പുഴയ്ക്ക് കുറുകെയുള്ള പനമ്പാലം പാലം നിർമ്മാണം - ബാക്കി പ്രവൃത്തികൾ - മണ്ണ് ഇ-ലേലം ചെയ്യുന്നത് - ലേലത്തുക അംഗീകരിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.562/2026/PWD തിരുവനന്തപുരം, തീയതി,15-05-2026

---

പരാമർശം:- 05.08.2025 , 22.12.2025 തീയതികളിലെ PDKRFB-MLPM/102024-PE1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ പുഴയ്ക്ക് കുറുകെയുള്ള പനമ്പാലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 14.02.2025-ൽ പൂർത്തിയായതിനെത്തുടർന്ന് നിർമ്മാണത്തിന് ശേഷം സൈറ്റിൽ നിന്നും ലഭിച്ച 872.50 $m^3$ മണ്ണ് കൊച്ചിയിലെ 'ജിയോമാറ്റ്' (GEOMAT) ലാബിൽ പരിശോധിച്ച് ഈ മണ്ണ് മറ്റ് സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ യോഗ്യമല്ല എന്ന് സ്ഥിരീകരിച്ചതിനെത്തുടർന്ന് പ്രസ്തുത മണ്ണ് ലേലം ചെയ്യുന്നതിന്റെ ഭാഗമായി സർവ്വേ റിപ്പോർട്ട് പ്രകാരം മണ്ണിന്റെ വില 2,02,029.40 രൂപയായി അംഗീകരിച്ചിരുന്നു. അംഗീകൃത സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, MSTC (ഭാരതസർക്കാർ സ്ഥാപനം) മുഖേന പാലക്കാട്/മലപ്പുറം KRFB-PMU എക്സിക്യൂട്ടീവ് എഞ്ചിനീയർ ആറ് തവണ (01.03.2025, 19.03.2025, 15.04.2025, 07.05.2025, 21.05.2025, 17.06.2025) ഇ-ലേലം നടത്തുകയുണ്ടായി. ആദ്യ രണ്ട് ലേലങ്ങളിൽ യഥാർത്ഥ അടിസ്ഥാന വില (Reserve Price) നിലനിർത്തുകയും, തുടർന്നുള്ള ലേലങ്ങളിൽ അടിസ്ഥാന വില യഥാക്രമം 25%, 50%, 75%, 90% എന്നിങ്ങനെ കുറയ്ക്കുകയും ചെയ്തു. എന്നാൽ ഈ ലേലങ്ങളിൽ മതിയായ പ്രതികരണമോ അടിസ്ഥാന വിലയ്ക്കനുസരിച്ചുള്ള ലേലത്തുകയോ ലഭിച്ചില്ല തുടർന്ന്, അംഗീകൃത സർവ്വേ റിപ്പോർട്ട് തുകയുടെ 90% കുറച്ച് 20,203/- രൂപ അടിസ്ഥാന വില നിശ്ചയിച്ച് 11.07.2025-ന് നടത്തിയ 7-ാമത്തെ ലേലത്തിൽ, കൊച്ചി മട്ടാഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന "M/s P. R. TRADERS" സമർപ്പിച്ച 34,567/- രൂപയുടെ (അംഗീകൃത സർവ്വേ റിപ്പോർട്ട് തുകയുടെ 17.11%)

ബിഡ് ഏറ്റവും ഉയർന്ന തുകയായി ലഭിച്ചുണ്ടെന്നും ലേലത്തുക അംഗീകരിച്ച് നൽകണമെന്നും പരാമർശിത കത്ത് പ്രകാരം പ്രോജക്റ്റ് ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡ് (KRFB-PMU) അഭ്യർഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ പുഴയ്ക്ക് കുറുകെയുള്ള പനമ്പാലം പാലം നിർമ്മാണ പ്രവൃത്തികൾക്ക് ശേഷം ബാക്കി വന്ന മണ്ണ് ഇ-ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, KRFB-PMU എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ ഏഴാം ഇ-ലേലത്തിൽ M/s P.R. TRADERS" സമർപ്പിച്ച 34,567/-(മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) രൂപയുടെ ബിഡ് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- **The PD, PMU- KRFB, should ensure that the auction process is widely publicized, including in the local dailies.**
- **The PD, PMU- KRFB should ensure that all statutory recoveries like Royalty, seigniorage, GST etc. are recovered to the Government as per rules.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡ് (KRFB-PMU)

ധനകാര്യവകുപ്പ് (3278690/I&PW-B1/255/2025-FIN dated 03/03/2026 )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ (PWD-D1/423/2025-PWD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 16-05-2026 15:52:34

സെക്ഷൻ ഓഫീസർ